*ഉത്തരം*

പ്രസ്തുത സ്ഥലങ്ങളിൽ ഡിവൈഡറുകൾ സാധാപിക്കുന്നതിന് സ്ഥല പരിമിതിയുണ്ട്. എങ്കിലും ഈ ജംഗ്ഷനുകൾ പരിശോധിച്ച് അവയുടെ വികസന ത്തിനുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രമന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അയയ്ക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളുടെ നിർമ്മാണം സംബന്ധിച്ച്**

66 [3592] ശ്രീ. *യു. സി. രാമൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കം അഗസ്ത്യൻ മുഴിയിലും കുന്ദമംഗലം പി. ഡബ്ലിയു. ഡി. റസ്റ്റ് ഹൗസിനോട് ചേർന്നും പൊതുമരാമത്ത് വകുപ്പിന്റെ കൈവശം എത്ര വീതം സ്ഥലങ്ങളാണ് ഉള്ളത് എന്ന് വെളിപ്പെടു ത്താമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ മറ്റ് ഏതെങ്കിലും ഗവൺമെന്റ് സ്ഥാപനം നിർമ്മിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മറ്റേതെങ്കിലും ഡിപ്പാർട്ടുമെന്റിന് ഈ സ്ഥലം പി. ഡബ്ളിയു. ഡി. കൈമാറാൻ ഉദ്ദേശിക്കു ന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലത്ത് എന്തു പ്രവർത്തി നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(എഫ്) പി. ഡബ്ലിയു. ഡി. യുടെ കൈവശത്തിലുള്ള ഏതെങ്കിലും സ്ഥലം, കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക്, സംസ്ഥാനത്തെവിടെയെങ്കിലും മറ്റ് ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

*ഉത്തരം*

(എ) മുക്കം അഗസ്ത്യമുഴി റോഡിന്റെ വശങ്ങളിൽ പുറമ്പോക്കായി 144 സെന്റ് സ്ഥലവും, കുന്ദമംഗലം പി. ഡബ്ളിയു. ഡി. റസ്റ്റ് ഹൗസിനോടു ചേർന്ന് 103 സെന്റ് സ്ഥലവും ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇപ്പോൾ യാതൊന്നും പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എറണാകുളം ജില്ലയിലെ തൃക്കാക്കര എൻ. ജി. ഒ ക്വാർട്ടേഴ്സ് ജംഗ്ഷനിലുള്ള 50 സെന്റ് പി. ഡബ്ല്യു. ഡി. സ്ഥലം തൃക്കാക്കര ഗ്രാമ പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിലേക്കായി ചില വ്യവസ്ഥകൾക്കു വിധേയമായി കൈമാറാൻ അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ കെ. എസ്. ടി. പി. യുടെ ക്വാർട്ടേഴ്സിനായി പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ഭൂമിയും ക്വാർട്ടേഴ്സുകളും തിരികെ നൽകുമെന്ന വ്യവസ്ഥയിൽ തൃശ്ശൂർ റസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ നിന്നും 47 സെൻറ് സ്ഥലവും നൽകിയിട്ടുണ്ട്.

**ഉദുമ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പണികൾ**

67 [3593] *ശ്രീ. കെ. വി. കുഞ്ഞിരാമൻ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ 2001 മേയ് മാസം മുതൽ നാളിതുവരെ പുതുതായി നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്ത പൊതുമരാമത്ത് റോഡുകളുടെയും കെട്ടിടങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഇപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന പൊതുമരാമത്ത് റോഡുകളെയും കെട്ടിടങ്ങളെയും സംബന്ധിച്ചുള്ള വിശദാംശങ്ങളും അവയുടെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ?

*ഉത്തരം*

(എ) വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കെട്ടിട വിഭാഗത്തിൽ 11,37,786 രൂപയും റോഡു വിഭാഗത്തിൽ 676.5 ലക്ഷം രൂപയും ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന റോഡുകൾ താഴെ പറയുന്നവയാണ്.

*കെട്ടിട വിഭാഗം*

1. പെരിയ ഗവൺമെന്റ് പോളിടെക്നിക് വർക്ക്ഷോപ്പ് ബിൽഡിംഗ് (100 ലക്ഷം രൂപ)-ഒന്നാം നില പൂർത്തിയായി.
2. പെരിയ പോളിടെക്നിക് ഓഡിറ്റോറിയം (75 ലക്ഷം രൂപ) അടിത്തറ പൂർത്തിയായി
3. എം. ആർ. എസ്. പരവനിടുക്കം (479 ലക്ഷം രൂപ)-കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പണി ആരംഭിച്ചു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly